**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 3993** **21.06.2019-ൽ മറുപടിയ്ക്ക്**

കോവളം ടൂറിസം കേന്ദ്രത്തിന്റെ വികസനം

ചോദ്യം
ശ്രീ.സണ്ണി ജോസഫ് :

മറുപടി
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോവളം അന്താരാഷ്ട്ര ടൂറിസം കേന്ദ്രത്തിന്റെ സമഗ്രവികസനത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ കാര്യങ്ങളാണ് ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നത്; | (എ) | ഉണ്ട്. കോവളം അന്താരാഷ്ട്ര ടൂറിസം കേന്ദ്രത്തിന്റെ സമഗ്ര വികസനത്തിനായി രണ്ടു ഘട്ടങ്ങളിലായുള്ള വികസന പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത് . ഒന്നാം ഘട്ട പദ്ധതിയിൽ സമുദ്ര ബീച്ച് പാർക്ക് ഏരിയായും ഗ്രോവ് ബീച്ച് ഏരിയായും ഉൾപ്പെടുന്ന വികസന പ്രവർത്തനങ്ങളും , രണ്ടാം ഘട്ട വികസന പദ്ധതിയിൽ ഈവ്സ് ബീച്ച് , സീ റോക്ക് ബീച്ച്, ലൈറ്റ് ഹൗസ് ബീച്ച് എന്നിവ ഉൾപ്പെടുന്ന വികസനവുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| ബി) | എത്ര കോടി രൂപയാണ് പദ്ധതി നടത്തിപ്പിനായി അനുവദിച്ചിട്ടുള്ളത്; | ബി) | ഒന്നാം ഘട്ട വികസനത്തിനായി 9.90 കോടി രൂപയും, രണ്ടാം ഘട്ട വികസനത്തിനായി 9.95 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| സി) | ഏത് ഏജൻസിയാണ് പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങളുടെ കരാർ ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | സി) | കോഴിക്കോട് ആസ്ഥാനമായുള്ള ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. |

സെക്ഷൻ ഓഫീസർ